**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ T*58 09.02.2016 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ സർവ്വീസ്

ചോദ്യം ഉത്തരം

ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | 2016 ജനുവരി 23 ന് കൊച്ചി മെട്രോ റെയിലിന്റെ ടെസ്റ്റ് റൺ വിജയകരമായി നടത്തുകയുണ്ടായി. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമേ ഏറ്റെടുക്കാനുള്ളൂ. വയാഡക്ടിന്റെ 740 സ്പാനുകളിൽ 538 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയായി കഴിഞ്ഞു. ട്രയൽ റണ്ണിനു വേണ്ടിയുള്ള ജോലികൾ പുരോഗമിക്കുന്നു. ട്രാക്കുകൾ സ്ഥാപിക്കുന്ന ജോലികളും പുരോഗമിക്കുന്നു. |
| (ബി) | കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നത് മുന്നിൽ കണ്ടു കൊണ്ട് എന്തെല്ലാം അനുബന്ധ സജ്ജീകരണങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ; | (ബി) | ഒരു പേപ്പർ/ഇലക്ട്രോണിക് ടിക്കറ്റിൽ തന്നെ വിവിധയാത്രാ മാർഗ്ഗങ്ങളിൽ ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ കൊച്ചിയിലെ ഗതാഗത സംവിധാനം പുന:ക്രമീകരിക്കുക എന്നതാണ് KMRL വിഭാവനം ചെയ്യുന്നത്. യാത്രക്കാർക്ക് സുഗമമായി ഒരു യാത്ര സംവിധാനത്തിൽ നിന്നും മറ്റൊരു യാത്ര സംവിധാനത്തിലേയ്ക്ക് കടക്കാനും ഒരു പൊതു സമയക്രമത്തിന്റെ അടിസ്ഥാനത്തിൽ യാത്ര മുൻകൂട്ടി ആസൂത്രണം ചെയ്യുവാനും ഇതുമൂലം സാധിക്കും. മെട്രോ സംവിധാനവുമായി ബന്ധിപ്പിക്കുന്ന നടപ്പാതകളും, സൈക്കിൾ പാതകളും, പാർക്കിംഗ് സംവിധാനങ്ങളും ഈ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്നുണ്ട്. ഇതിനുപുറമെ, ദ്വീപുകളെ മെട്രോ സംവിധാനവുമായി ബന്ധിപ്പിക്കുന്ന സംയോജിത ജലഗതാഗത പദ്ധതിക്കായും KMRL രൂപം നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ കൊമേഴ്സ്യൽ സർവ്വീസ് എന്നു മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) | കൊമേഴ്സ്യൽ സർവീസ് ഭാഗികമായി 2016 നവംബർ 1 ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |

Deepthi
സെക്ഷൻ ഓഫീസർ